<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037</u> <u>16-03-2022 - ൽ മറുപടിയ്ക്ക്</u>

<u>കസ്റ്റഡി മരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ സി ആർ മഹേഷ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലോക്കപ്പിൽ പോലീസ് മൂന്നാം മുറ പ്രയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് അറസ്റ്റ് ചെയ്യുന്ന പ്രതികളുടെ മനുഷ്യാവകാശം സംരക്ഷിക്കണമെന്നും അവർക്കെതിരെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടാകരുതെന്നും നിർദ്ദേശിച്ച് സംസ്ഥാന പോലീസ് മേധാവി 12/07/2021 ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 21/2021 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവിലുള്ളവയ്ക്ക് പുറമെ, സംസ്ഥാനത്തെ സി.സി.ടി.വി സൗകര്യം ഇല്ലാത്ത എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 2022 ഫെബ്രുവരിയിൽ തിരുവല്ലത്ത് പൊലീസ് കസ്റ്റഡിയിൽ എടുത്ത നെല്ലിയോട് സ്വദേശിയായ സുരേഷ് അടക്കമുള്ളവർക്ക് ലോക്കപ്പിൽ മർദ്ദനമേറ്റിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2022 ഫെബ്രുവരിയിൽ തിരുവല്ലത്ത് പോലീസ് കസ്റ്റഡിയിൽ എടുത്ത നെല്ലിയോട് സ്വദേശിയായ സുരേഷ് അടക്കമുള്ളവർക്ക് ലോക്കപ്പിൽ മർദ്ദനമേറ്റു എന്ന ആരോപണത്തിന്റെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടന്നു വരികയാണ്. |
| (സി) | തിരുവല്ലത്തെ പൊലീസ് സ്റ്റേഷനിൽ വച്ച് സുരേഷ് മരിച്ച സംഭവത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് . തിരുവല്ലം പോലീസ് കസ്റ്റഡിയിൽ എടുത്ത സുരേഷ് എന്നയാൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് തിരുവല്ലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 243/2022 u/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ തുടരന്വേഷണം പോലീസ് ആസ്ഥാനത്തെ ഉത്തരവ് നമ്പർ T6-35499/2022 dated 01/03/2022 പ്രകാരം സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ്. ക്രൈം 39/CB/TVM/2022 u/s 174 CrPC ആയി റീ രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. ഇതു സംബന്ധിച്ച് പോലീസ് അന്വേഷിക്കുന്ന കേസുകൾ സി.ബി.ഐ.ക്ക് |

| | | | |
|---|---|---|---|
| | | | കൈമാറുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (ഡി) | ലോക്കപ്പിൽ ക്രൂരമായി മർദ്ദനമേറ്റതിനെ തുടർന്നാണ് മരിച്ചതെന്ന് കാണിച്ച് ബന്ധുക്കളും നാട്ടുകാരും പരാതി നൽകിയിട്ടുണ്ടോ; കേസിന്റെ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; | (ഡി) | ഈ വിഷയം സംബന്ധിച്ച് ശ്രീ. യാഷ് തോമസ് മാന്നുല്ലി എന്നയാൾ നൽകിയ ഒരു e-mail പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും പരാതിയിൽ ഉന്നയിച്ച വിഷയവും ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സംഭവത്തിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ? | (ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ